**കേരള സർക്കാർ**

**സംഗ്രഹം**

ഉപഭോക്തൃകാര്യ വകുപ്പ്- ലീഗൽ മെട്രോളജി- ജീവനക്കാര്യം - ജോയിന്റ് കൺട്രോളർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം, സ്ഥലം മാറ്റ നിയമനം എന്നിവ നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉപഭോക്തൃകാര്യ വകുപ്പ്**

**സ.ഉ.(സാധാ)നം.39/2024/സിഎഡി.** **തീയതി, തിരുവനന്തപുരം, 25-09-2024.**

---

പരാമർശം: 1.സ.ഉ.(അച്ചടി) നം.15/2024/ഉ.കാ.വ., തീയ്യതി 26-08-2024.

2. ലീഗൽ മെട്രോളജി കൺട്രോളറുടെ 22-08-2024 ലെ LMD-HQ/2438/2022-B3 നമ്പർ കത്ത്.

**ഉത്തരവ്**

ലീഗൽ മെട്രോളജി വകുപ്പിലെ ജോയിന്റ് കൺട്രോളർ തസ്തികയിലേക്കുള്ള ഒരു ഒഴിവിലേക്ക് 09.07.2024-ൽ ചേർന്ന ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി (ഹയർ) അംഗീകരിച്ച പരാമർശം(1) പ്രകാരമുള്ള സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട ഡെപ്യൂട്ടി കൺട്രോളർ ആയ ശ്രീ.ശ്രീനിവാസ.പി-ക്ക് ജോയിന്റ് കൺട്രോളർ ആയി സ്ഥാനക്കയറ്റം നൽകണമെന്നും, ഉത്തരമേഖല ജോയിന്റ് കൺട്രോളർ ശ്രീ.രാജേഷ് സാം നിലവിൽ ഒഴിവുള്ള മധ്യമേഖലയിലേക്ക് സ്ഥലമാറ്റത്തിന് സമർപ്പിച്ച അപേക്ഷ പരിഗണിക്കണമെന്നും കൺട്രോളർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഉത്തര മേഖല ജോയിന്റ് കൺട്രോളർ ആയ ശ്രീ. രാജേഷ് സാമിനെ (PEN 376877) നിലവിൽ ഒഴിവുള്ള മധ്യമേഖല ജോയിന്റ് കൺട്രോളർ ആയി സ്ഥലംമാറ്റി നിയമിച്ചും, ഡെപ്യൂട്ടി കൺട്രോളർ ആയ ശ്രീ.ശ്രീനിവാസ.പി-ക്ക് (PEN 377197) 63,700 - 123,700 രൂപ ശമ്പള സ്കെയിലിൽ ജോയിന്റ് കൺട്രോളർ ആയി സ്ഥാനക്കയറ്റം നൽകി ശ്രീ.രാജേഷ് സാമിനെ സ്ഥലം മാറ്റിയ ഒഴിവിൽ ഉത്തരമേഖല ജോയിന്റ് കൺട്രോളറായി ഉടൻ പ്രാബല്യത്തിൽ നിയമിച്ചും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

സീന എ.എൻ.

ജോയിന്റ് സെക്രട്ടറി

കൺട്രോളർ, ലീഗൽ മെട്രോളജി വകുപ്പ്, തിരുവനന്തപുരം.

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (കൺട്രോളർ മുഖേന )

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് ), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (സിഎ 4/104/2024-സിഎഡി)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ